ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കൃാനുകളുടെയും ജാറുകളുടെയും നികുതി

22. [1801] ശ്രീ. എം. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാസ്റ്റിക് നിർമ്മിതമായ ജെറികൃാനുകളെയും ജാറുകളെയും ഏതു പട്ടികയിൽപ്പെടുത്തി എത്ര ശതമാനം വിൽപ്പന നികുതിയാണ് ഇപ്പോൾ ഈടാക്കി വരുന്നത് ;

(ബി) ഇവയെ പാക്കിംഗ് മെറ്റീരിയൽസ് വിഭാഗത്തിൽപ്പെടുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനുമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ടിൻ കൃാനുകൾക്കും ജാറുകൾക്കും ഈടാക്കിവരുന്ന നികുതി എത്ര ശതമാനമാണ് ; ഏതു പട്ടികയിലാണ് ഇവ ഉൾപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) വിൽപ്പന നികുതി നിയമം 1-ാം പട്ടികയിലെ 101-ാം ഇനത്തിലാണ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളെ നികുതി വിധേയമാക്കിയിട്ടുള്ളത്. ഇവയ്ക്ക് സംസ്ഥാനത്തെ ആദ്യ വിൽപ്പന ഘട്ടത്തിൽ 10% വിൽപ്പന നികുതിയാണ് ചുമത്തിയിട്ടുള്ളത്.

(ബി) പ്ലാസ്റ്റിക് നിർമ്മിതമായ ജെറി കൃാനുകളെയും ജാറുകളെയും മറ്റും പാക്കിംഗ് മെറ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തണം എന്ന് ബ്ലോ പ്ലാസ്റ്റിക്സ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഒല്ലൂർ, തൃശ്ശൂർ എന്ന സ്ഥാപനം സർക്കാരിനോട് 20-11-1995-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. അത് റവന്യൂ ബോർഡ് (നികുതി വിഭാഗം) പരിശോധിച്ചു വരികയാണ്.

(സി) പ്ലാസ്റ്റിക് നിർമ്മിതമായ ടിൻ, കൃാനുകൾ, ജാറുകൾ തുടങ്ങിയവയെ വിൽപ്പന നികുതി നിയമം 1-ാം പട്ടികയിലെ 101-ാം വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയ്ക്ക് 10 ശതമാനം വിൽപ്പന നികുതി വസൂലാക്കിവരുന്നു.

വിറ്റുവരവ് നികുതി ഇനത്തിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ

23. [1803] ശ്രീ. ടി. ശിവദാസമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റുവരവ് നികുതി ഇനത്തിൽ കുടിശ്ശിക വരുത്തിയ എത്ര സ്ഥാപനങ്ങളാണുള്ളത് ;

(ബി) പ്രസ്തുത സ്ഥാപനങ്ങളും ഓരോന്നും എന്ത് തുക വീതമാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ), (ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly